**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 1512** — **05.12.2014 - ൽ മറുപടിക്ക്**

## നേഴ്സിംഗ് പഠനത്തിനുള്ള വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) നേഴ്സിംഗ് പഠനത്തിന് വായ്പ എടുത്ത് കടക്കെണിയിലായ എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) നേഴ്സിംഗ് പഠനത്തിന് വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടില്ല. |
| (ബി) നേഴ്സിംഗ് പഠനത്തിന് വായ്പ എടുത്തവർക്ക് പലിശ പൂർണ്ണമായി ഇളവു ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം നൽകുമോ ; | (ബി) & (സി) റിസർവ്വ് ബാങ്ക് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകൾ ബാങ്കുകൾ നൽകി വരുന്നുണ്ട്.<br><br>വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ ബാങ്കുകൾ വായ്പാ കാലാവധി ആവശ്യമെങ്കിൽ നീട്ടി നൽകുന്നുണ്ട്. |
| (സി) പ്രസ്തുത വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം; വിശദവിവരം ലഭ്യമാക്കുമോ ? | |

(----- 2)

ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര/ സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള പലിശസബ്സിഡി സ്കീം പ്രകാരം നൽകുന്ന ഇളവുകൾ നേഴ്സിംഗ് പഠനത്തിന് വിദ്യാഭ്യാസ വായ്പ എടുത്തവർക്കും ലഭ്യമാണ്.

കാനറാ ബാങ്കിൽ നിന്നും 4 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരും, ആഭ്യന്തര പ്രശ്നം കാരണം ഇറാഖ്, ലിബിയ എന്നിവിടങ്ങളിൽ നിന്ന് തിരിച്ചെത്തിയ-വരുമായ നേഴ്സുമാർക്ക് കാനറാ ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മറ്റു ബാങ്കു-കളോടും ഇത്തരത്തിൽ പദ്ധതി ആവിഷ്ക്കരിക്കാൻ സംസ്ഥാനതല ബാങ്കുകളുടെ സമിതി അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ